I ഇ.ബി. XIV - കേരള നിയമസഭ /IV-5

# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 02, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I ഉത്തരത്തിലെ തിരുത്ത്

നക്ഷത്രചിഹ്നമിടാത്ത 3713-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3713-ന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ്

തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥതല പ്രശ്നങ്ങൾ

മി. സ്പീക്കർ : സിവിൽ സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥർ തമ്മിലടിക്കുകയും പരസ്പരം ഏജന്റുമാർ മുഖേന പരാതികൾ നൽകി ചെളിവാരിയെറിയുകയും അതുവഴി വിവിധ കേസ്സുകളിൽ കുടുങ്ങിക്കിടക്കുകയും ചെയ്യുന്നതുകൊണ്ട് സംസ്ഥാനത്ത് ഭരണസ്തംഭനം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, റ്റി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : അടിയന്തരപ്രമേയ നോട്ടീസിലൂടെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ തീർത്തും വസ്തുതാവിരുദ്ധവും ജനങ്ങളിൽ സംശയത്തിന്റെ പുകമറ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ളതുമാണ്. സിവിൽ സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥർ തമ്മിൽ ഗൗരവമായ ഒരു അഭിപ്രായ വ്യത്യാസവും നിലവിലില്ലെന്നു മാത്രമല്ല, സംസ്ഥാനത്ത് ഒരു തരത്തിലുമുള്ള ഭരണസ്തംഭനവും ഉണ്ടായിട്ടില്ല. ചില കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ സർക്കാർ ഒരു നയമോ നിലപാടോ എടുക്കുമ്പോൾ അപ്രത്യക്ഷമാവുകയും എല്ലാവരും കൂട്ടായി

പ്രവർത്തിക്കുകയും ചെയ്യുന്ന രീതി ഉയർന്നുവന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ, പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തൽ, ഫയൽ തീർപ്പാക്കൽ, പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴി നൽകിയിട്ടുള്ള നിയമനങ്ങൾ, ഡി.പി.സി.-കൾ കൂടൽ, സ്ഥലംമാറ്റത്തിന് മാനദണ്ഡം രൂപീകരിക്കൽ, സംസ്ഥാനത്തുണ്ടായിട്ടുള്ള സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളിൽ സർക്കാർ നടത്തിയിട്ടുള്ള ഫലപ്രദവും വേഗത്തിലുമുള്ള ഇടപെടലുകൾ, ക്രമസമാധാനം ഉറപ്പുവരുത്തുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന ജാഗ്രത, കേസന്വേഷണം സമയബന്ധിതമായി നടപ്പാക്കി കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരൽ, കുടിശ്ശികയായിരുന്ന ക്ഷേമപെൻഷനുകൾ 33,59,000 പേരുടെ വീടുകളിൽ എത്തിക്കൽ എന്നിവയെല്ലാം ജീവനക്കാരുടെ സഹകരണവും കൂട്ടായ്മയുമാണ് തെളിയിക്കുന്നത്. സംസ്ഥാനം നേരിടുന്ന പ്രമുഖ പ്രശ്നങ്ങളിലും അടിസ്ഥാന സൗകര്യ വികസന പ്രശ്നങ്ങളിലും ദീർഘകാലവീക്ഷണത്തോടെയുള്ള ആസൂത്രണവും നടപടികളും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും സർക്കാർ സ്വീകരിച്ചുവരുന്നത് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെകൂടി കൂട്ടായ്മയിലൂടെയും ഏകോപനത്തിലൂടെയുമാണ്. കഴിഞ്ഞ 9 മാസമായി സർക്കാരിന്റെ പരിഗണനയ്ക്കുവന്നിട്ടുള്ള ഏകദേശം 18000-ത്തോളം ഫയലുകളിൽ 200-ഓളം ഫയലുകൾ മാത്രമാണ് ശേഷിക്കുന്നത്. ആരംഭകാലത്ത്

ഫയലുകളുടെ നീക്കത്തിലുണ്ടായിരുന്ന കാലതാമസം പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. ഇടയ്ക്കിടെയുണ്ടാകുന്ന തസ്തികമാറ്റങ്ങൾ ഫയൽ നീക്കം മന്ദീഭവിക്കുന്നതിന് കാരണമാകുന്നതിനാൽ പൊതു സ്ഥലംമാറ്റത്തോടൊപ്പം ഇത്തരം തസ്തികമാറ്റങ്ങൾ പരിമിതപ്പെടുത്താനും മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ട്. താഴെത്തട്ടിലുള്ള ഭരണസംവിധാനങ്ങൾ ഏകോപിപ്പിച്ച് ODF പദ്ധതി ഗ്രാമപ്രദേശങ്ങളിൽ നവംബർ 1-നുമുമ്പ് പൂർത്തിയാക്കുകയും നഗരങ്ങളിൽ ഏപ്രിൽ 1-നുമുമ്പ് പൂർത്തിയാക്കുകയും ചെയ്യുന്നതിലൂടെ സമ്പൂർണ്ണ ODF പദ്ധതി കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. തൊഴിലുറപ്പ് പദ്ധതിപ്രകാരം ഏറ്റവും കൂടുതൽ തുക ചെലവഴിച്ച വർഷങ്ങളിലൊന്നാണ് 2016-17. വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് താഴെത്തട്ടുവരെ നടത്തേണ്ട പ്രവർത്തനങ്ങളാണ് നാല് മിഷനുകളിലൂടെ നടത്തുന്നത്. മുൻസർക്കാർ 45 മീറ്റർ വീതിയിൽ നാഷണൽ ഹൈവേ വികസിപ്പിക്കാനെടുത്ത തീരുമാനത്തിന്റെ തുടർനടപടി മരവിപ്പിച്ചിരുന്നത് നടപ്പാക്കാനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി വടക്കൻ ജില്ലകളിലെ അലൈൻമെന്റിന് അന്തിമ രൂപമാവുകയും തെക്കൻ ജില്ലകളിലെ അലൈൻമെന്റ് ഒരു മാസത്തിനകം പൂർണ്ണമാവുകയും ചെയ്യും. എൽ.എൻ.ജി. പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിലാണ്. കൊച്ചി-ഇടമൺ 400 കെ.വി. ലൈൻ ഒരു വർഷത്തിനകം

പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ, തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളുടെ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി അതിവേഗം മുന്നോട്ടുപോവുകയാണ്. ശബരിമല വിമാനത്താവളത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം ചെലവഴിച്ചതിന്റെ 60% തുക ഈ വർഷം ജനുവരിവരെ പദ്ധതിച്ചെലവിനത്തിൽ വന്നിട്ടുണ്ട്. വികസനത്തിനായുള്ള മൂലധനച്ചെലവിൽ കുറവുവരികയോ വികസനസ്തംഭനമോ ഭരണസ്തംഭനമോ സംസ്ഥാനത്തുണ്ടായിട്ടില്ല. സംസ്ഥാന സർക്കാരിലുള്ള 213 ഐ.എ.എസ്. തസ്തികകളിൽ ഏകദേശം 30-ഓളം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ വർഷം ഭരണപരിചയമുള്ള മുതിർന്ന ഉദ്യോഗസ്ഥർ വിരമിക്കുന്ന സാഹചര്യം നേരിടാൻ സർക്കാർ തയ്യാറെടുക്കുകയാണ്. ഉദ്യോഗസ്ഥർക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം ജനങ്ങളോടുള്ള പ്രതിബദ്ധത ഉറപ്പാക്കുകയും നന്നായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ പൂർണ്ണമായും സംരക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സമീപനം തുടരുന്നതുമാണ്. ഉദ്യോഗസ്ഥർക്കിടയിലുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ വളർത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്താതെ സഹകരണാത്മകമായ അന്തരീക്ഷമുണ്ടാക്കാൻ സഹായിക്കുകയാണ് ഉത്തരവാദിത്തമുള്ളവർ ചെയ്യേണ്ടത്. ഇവിടെ ഒരു തരത്തിലുമുള്ള പ്രതിസന്ധിയോ

ഭരണസ്തംഭനമോ ഉണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: വിജിലൻസ് ഡയറക്ടറേറ്റിൽ ഒരു നോട്ടീസ് പതിപ്പിച്ചതുമായി ബന്ധപ്പെട്ട് സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പരാതികളും കേസുകളും വർദ്ധിച്ചുവരികയാണ്. ഒരു എ.ഡി.ജി.പി-യുടെ അന്വേഷണ ഫയൽ പൂഴ്ത്തിവച്ചതിനെക്കുറിച്ചും അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോയ്ക്കെതിരായി ഡി.ജി.പി.-യുടെ ഫയൽ ടാമ്പർ ചെയ്തതിനെക്കുറിച്ചും പരാതികൾ വന്നു. അഡീഷണൽ ചീഫ് സെക്രട്ടറിമാരായ ഡോ. കെ. എം. എബ്രഹാം, ശ്രീ. പോൾ ആന്റണി, സീനിയർ സെക്രട്ടറിമാർ, എ.ഡി.ജി.പി.മാർ, വിജിലൻസ് ഡയറക്ടർ എന്നിവർക്കെതിരെ വിജിലൻസ് കേസുകളുണ്ടായി. ഉന്നത സ്ഥാനത്തുള്ള എല്ലാവരുടെ പേരിലും കേസുകളാണ്. ഈ ഉദ്യോഗസ്ഥർ തന്നെയാണ് പരസ്പരം ഏജന്റുമാരെവച്ച് പരാതികൾ കൊടുക്കുന്നത്. സംസ്ഥാനത്തെ പ്രധാന ഓഫീസുകളിൽ രഹസ്യ സ്വഭാവമുള്ള ഫയലുകളിലെ വിവരങ്ങൾ പോലും ഉദ്യോസ്ഥർക്കെതിരെ കൊടുക്കുന്ന കേസുകളുമുണ്ട്. അതുസംബന്ധിച്ച് ഇന്റലിജൻസ് ഡി.ജി.പി-യെക്കൊണ്ട് അന്വേഷണം നടത്തണം. ഉദ്യോഗസ്ഥർ കുറ്റക്കാരാണെങ്കിൽ അവർക്കെതിരെ

ദിവസത്തെ ത്വരിതാന്വേഷണം നടത്തി എഫ്.ഐ.ആർ. ഫയൽ ചെയ്യാനും കുറ്റക്കാരല്ലെങ്കിൽ അവരെ തേജോവധം ചെയ്യുന്നതിനു പുറകിലുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി നിയമത്തിനുമുമ്പിൽ കൊണ്ടുവരാനും തയ്യാറാകണം. പരസ്യമായി ഉദ്യോഗസ്ഥരുടെ വീടുകളിലും കിഫ്ബിയിലും വിജിലൻസ് റെയ്ഡുകൾ നടത്തുകയാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ഉൾപ്പെട്ട എസ്.പി. റാങ്കിലുള്ള ഒരു ഐ.പി.എസ് ഉദ്യോഗസ്ഥനെതിരെ അഴിമതിയാരോപണമുന്നയിച്ചപ്പോൾ കേസ് അന്വേഷിച്ചത് അദ്ദേഹത്തിന്റെ ആത്മസുഹൃത്തായ എസ്.പി.-യാണ്. മേജർ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി 2536 കോടി രൂപ അനുവദിച്ചതിൽ 233 കോടി രൂപയാണ് ചെലവഴിച്ചത്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ആദ്യ ബഡ്ജറ്റിലെ നിർദ്ദേശങ്ങളോട് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളെല്ലാം സത്യസന്ധമായാണോ പ്രതികരിച്ചതെന്നും എത്ര ശതമാനം പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കണം. കൃഷിനശിച്ചുപോയതും റേഷൻ വിതരണം അവതാളത്തിലായതും കുടിവെള്ളവിതരണം സുഗമമായി നടത്താൻ സാധിക്കാത്തതും ഭരണസ്തംഭനത്തിന്റെ ഭാഗമാണ്. ചർച്ചകളില്ലാതെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരാനുള്ള

തീരുമാനത്തിന്റെ ഫലമായി സെക്രട്ടേറിയറ്റിൽ ഫയലുകളൊന്നും നീങ്ങുന്നില്ല. എം.എൽ.എ.മാരുടെ അസറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ ഫയൽ നീങ്ങുന്നുണ്ടോയെന്ന് അന്വേഷിക്കണം. പെൻഷൻ വിതരണം നടക്കുന്നില്ലെന്ന് മാത്രമല്ല പ്രധാനപ്പെട്ട പദ്ധതികളൊന്നും പ്രാവർത്തികമാകുന്നില്ല. നിരപരാധിയായ ഉദ്യോഗസ്ഥർക്കെതിരെ കേസുകളുണ്ടാകുന്നതിനാൽ അവർക്ക് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാൻ കഴിയുന്നില്ല. ഗവൺമെന്റിനെ ബാധിക്കുന്ന സംഭവങ്ങളുണ്ടായപ്പോഴെല്ലാം മുൻ മുഖ്യമന്ത്രിമാർക്ക് 24 മണിക്കൂറിനുള്ളിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവണമെന്റിനുകീഴിൽ എല്ലാ ദിവസവും ഉദ്യോഗസ്ഥർ തമ്മിലടിക്കുകയും പരസ്പരം ആരോപണം ഉന്നയിക്കുകയും ചെയ്യുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാന ഗവൺമെന്റിനെതിരെ ബോധപൂർവ്വം കെട്ടിച്ചമച്ച കാര്യങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. വിജിലൻസ് ആസ്ഥാനത്ത് ഒരു നോട്ടീസ് പതിച്ചുവെന്ന മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടയുടൻ അന്വേഷിക്കാൻ നിർദ്ദേശം കൊടുത്തിരുന്നു. 2013 ജൂലൈ മാസത്തിൽ മോഹൻ കുമാർ സമിതി സമർപ്പിച്ച റിപ്പോർട്ടുകളിലെ

ശിപാർശകളിന്മേൽ യു.ഡി.എഫ്. സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. വിജിലൻസ് വകുപ്പിൽ കൂടുതൽ ഉദ്യോഗസ്ഥരെ ലഭ്യമാക്കി ഇന്റേണൽ വിജിലൻസ് ശക്തിപ്പെടുത്താനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഹൈക്കോടതി വിധിയിൽ കൂടുതൽ വ്യക്തത വരുത്തി വിജിലൻസ് മാർഗ്ഗരേഖ തയ്യാറാക്കി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശമാണ് വിജിലൻസിന് നൽകിയിരിക്കുന്നത്. ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ആരോപണങ്ങൾ ഉയർന്നാൽ അന്വേഷിക്കേണ്ടതില്ലെന്ന നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കില്ല. പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനും കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടാക്കാൻ കഴിയണം. സെക്രട്ടേറിയറ്റിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിൽ ഒരു തരത്തിലുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നില്ല. ഭരണപരിഷ്കാര കമ്മീഷൻ സിവിൽ സർവ്വീസിലെ പ്രശ്നങ്ങളും അപര്യാപ്തതകളും സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. തെരഞ്ഞെടുപ്പും നോട്ട് നിരോധനവും പദ്ധതിച്ചെലവ് കുറയാൻ കാരണമായിട്ടുണ്ട്. പ്രൊഫഷണലുകളുടെ അഭാവവും ഫീൽഡിലെ പരിചയക്കുറവും ഭരണരംഗത്ത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി പുതിയതലമുറയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനാണ് കെ.എ.എസ്-ലൂടെ ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് ഒരു ആശങ്കയും

ഉദ്യോഗസ്ഥരുടെ ഇടയിൽ നിലനിൽക്കുന്നില്ല. ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, റ്റി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്നും പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സംസ്ഥാനത്തെ ഐ.എ.എസ്-ഐ.പി.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ പരാതികളോ കേസുകളോ പെൻഡിംഗിലില്ലെന്ന മുഖ്യമന്ത്രിയുടെ വാദം അടിസ്ഥാനരഹിതമാണ്. പരാതികളിന്മേൽ നടപടി സ്വീകരിക്കാൻ തയ്യാറാകുന്നില്ലെന്നു മാത്രമല്ല, അടിയന്തരമായി തീരുമാനമെടുക്കേണ്ട സാമ്പത്തിക-നയപരമായ പ്രശ്നങ്ങളിന്മേൽ അനാവശ്യമായ കാലതാമസം വരുത്തുന്നതിലൂടെ ഭരണസ്തംഭനമുണ്ടാകുന്ന സാഹചര്യം നിലനിൽക്കുകയാണ്. മുൻകാലങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളുമായി താരതമ്യം നടത്തുന്നതിനുപകരം ഇക്കൊല്ലത്തെ വാർഷിക ഔട്ട്ലേയിൽ എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കണം.

നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെ 44 ശതമാനം മാത്രമേ ഈ ഗവൺമെന്റിന് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഗുരുതരമായ ഭരണസ്തംഭനത്തിനിടയാക്കിയ ഗവൺമെന്റിന്റെ നിലപാടുകളിൽ വാക്കൗട്ട് നടത്താതെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

(സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ ഹാജരായി.)

**III ശ്രദ്ധ ക്ഷണിക്കൽ**

തൊഴിലാളികളുടെ സേവന -വേതന വ്യവസ്ഥകൾ

ശ്രീ. എം. രാജഗോപാലൻ: ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ നിയമനിർമ്മാണങ്ങളിലൊന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. സമൂഹത്തിലെ ദരിദ്ര ജനവിഭാഗങ്ങളാണ് ഈ പദ്ധതിയെ കൂടുതലും ആശ്രയിക്കുന്നത്. തൊഴിലാളികൾക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും തൊഴിലാളികളുടെ വേതനം 500 രൂപയായും തൊഴിൽദിനങ്ങളുടെ എണ്ണം 200 ആയും വർദ്ധിപ്പിക്കാനും തൊഴിൽ സമയം രാവിലെ 9 മുതൽ വൈകുന്നേരം 4 മണി വരെയാക്കാനും സർക്കാർ കേന്ദ്രത്തിൽ

സമ്മർദ്ദം ചെലുത്തണം. കാർഷിക പരമ്പരാഗത മേഖലകളിലടക്കമുള്ള തൊഴിലുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനും ക്ഷീരകർഷകരെ പദ്ധതിയുടെ ഭാഗമാക്കി പദ്ധതി വിപുലീകരിക്കാനും മുഴുവൻ തൊഴിലുറപ്പ് തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കാനും നടപടി സ്വീകരിക്കണം. ഗ്രാമങ്ങളിലെ ജലക്ഷാമവും ഭക്ഷ്യക്ഷാമവും പരിഹരിക്കുന്നതിന് പ്രത്യേക കർമ്മപരിപാടിയും ലേബർ ബഡ്ജറ്റും തയ്യാറാക്കണം. വാട്ടർഷെഡ് അടിസ്ഥാനത്തിൽ മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഹരിത കേരളം പദ്ധതി നടപ്പിലാക്കുകയും വേണം. കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിയിൽ തൊഴിലുറപ്പ് പദ്ധതി ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഗ്രാമീണ മേഖലകളിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. സംസ്ഥാനം വിജ്ഞാപനം ചെയ്ത 200 രൂപ മിനിമം കൂലി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും നിജപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂല തീരുമാനം ഉണ്ടായില്ല.

ഇക്കാര്യം വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സംസ്ഥാനത്ത് നടീൽ ജോലിയിലേർപ്പെട്ടിരിക്കുന്നവരുടെ മിനിമം കൂലി 415 രൂപയാണ്. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്നവരുടെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തൊഴിലാളികൾക്ക് കൊടുക്കാനുള്ള കുടിശ്ശിക ഒരാഴ്ചയ്ക്കുള്ളിൽ റിലീസ് ചെയ്യാമെന്ന അറിയിപ്പ് ലഭിച്ചിട്ടുണ്ട്. സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം 100 ദിവസം ജോലി ചെയ്ത ആളുകളുടെ ലിസ്റ്റ് കമ്പ്യൂട്ടറിൽ രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല. അക്കാര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രത്തിൽനിന്നും ഉറപ്പു ലഭിച്ചിട്ടുണ്ട്. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതാണ്.

## (2) 'സ്റ്റുഡന്റ് വെൽഫെയർ കമ്മീഷൻ' രൂപീകരണം

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാനത്തെ കോളേജ് ക്യാമ്പസ്സുകളിൽനിന്നും ദിനംപ്രതി പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമിടയിൽ വലിയ ഉത്ക്കണ്ഠയുണ്ടാക്കിയിരിക്കുകയാണ്. സ്വാശ്രയ കോളേജുകളിൽ ഇന്റേണൽ അസസ്മെന്റിന്റെയും അച്ചടക്കത്തിന്റെയും പേരിൽ

പീഡിപ്പിക്കപ്പെടുന്നത് കുട്ടികളുടെ വ്യക്തിത്വവികസനം തടസ്സപ്പെടുത്തുന്നതിനും അപകർഷതാ ബോധത്തിലേയ്ക്ക് നയിക്കുന്നതിനും പഠന പാഠ്യേതര വിഷയങ്ങളിൽ പിന്നോക്കം പോകുന്നതിനും കാരണമാകുന്നു. ഇത്തരം പ്രവണതകൾ കുട്ടികളെ അരാഷ്ട്രീയവാദികളാക്കി മാറ്റുമെന്ന കാര്യം ഗൗരവത്തോടുകൂടി കാണണം. ലഹരി മരുന്നിന്റെ ഉപയോഗവും റാഗിംഗും ക്യാമ്പസ്സുകളിൽ വർദ്ധിച്ചുവരികയാണ്. കുട്ടികൾക്ക് നേരിട്ട് പരാതി കൊടുക്കാനും മറ്റും കഴിയുന്ന സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഒരു സ്റ്റുഡന്റ് വെൽഫെയർ കമ്മീഷൻ രൂപീകരിക്കുന്നതിന് മുൻകയ്യെടുക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഈ വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച മാനദണ്ഡങ്ങൾ നിലവിലുണ്ടെങ്കിലും ഈ മേഖലയിൽ ചില പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലർമാരുടെ യോഗം ചേരുകയുണ്ടായി. ഇന്റേണൽ അസസ്മെന്റ് തുടങ്ങി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് വൈസ് ചാൻസലർമാർ മാത്രമുള്ള ഒരു

സമിതിയും സർക്കാരിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ.കെ. ദിനേശന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനും രൂപീകരിക്കുകയുണ്ടായി. എ.ഐ.സി.റ്റി.ഇ. നിർദ്ദേശപ്രകാരം ഓംബുഡ്സ്മാനെ നിയമിക്കാനുള്ള തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്. എല്ലാ സ്വാശ്രയ കോളേജുകളിലും പി.റ്റി.എ. രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ലഭിച്ചാലുടൻ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ച് തീരുമാനിക്കുന്നതാണ്. അടുത്ത അദ്ധ്യയന വർഷത്തിലെ മെഡിക്കൽ, ഡെന്റൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രത്യേക സർവ്വകക്ഷിയോഗം ചേരുന്നതാണ്. ഇക്കാര്യത്തിൽ പൊതുവായ സമവായമുണ്ടാക്കി വിദ്യാഭ്യാസ രംഗത്തെ അപകടകരമായ ഇത്തരം പ്രവണതകൾ ഇല്ലാതാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വിദ്യാഭ്യാസ രംഗത്ത് രൂപംകൊള്ളുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി രൂപീകരിക്കണമെന്ന ആവശ്യം ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

പരിശോധിക്കുന്നതാണ്.

## IV സബ്മിഷൻ

(1) ഫാ.ടോം ഉഴുന്നാലിലിന്റെ മോചനം

ശ്രീ. കെ. എം. മാണി: ആതുര സേവന രംഗത്ത് പ്രവർത്തിച്ചിരുന്ന ഫാ. ടോം ഉഴുന്നാലിലിനെ യെമൻ ഭീകരരിൽനിന്നും മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ആതുര സേവന രംഗത്ത് പ്രവർത്തിച്ചുവന്ന ഫാ. ടോം ഉഴുന്നാലിലിനെ യെമനിലെ ഏദൻ തുറമുഖത്തുവച്ച് 2016 മാർച്ച് 4-ാം തീയതി മിഷനറീസ് ഓഫ് ചാരിറ്റിയുടെ അഗതിമന്ദിരം ആക്രമിച്ച് ഭീകരർ തട്ടിക്കൊണ്ടുപോകുകയുണ്ടായി. ആഭ്യന്തര കലാപം മൂർച്ഛിച്ചിരിക്കുന്ന യെമനിൽ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിന് ഇടപെടാൻ പരിമിതികളുണ്ട്. വിദേശ രാജ്യങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയാത്തതിനാൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിന്

അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഫാ. ടോം ഉഴുന്നാലിൽ ഭീകരരുടെ തടവിലാണെന്ന് കേന്ദ്ര സർക്കാർ സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ ഒളിവിൽ പാർപ്പിച്ചിരിക്കുന്ന സ്ഥലം ഇതുവരെ കണ്ടെത്താനായിട്ടില്ല. സംസ്ഥാന സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ മോചിപ്പിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. പനങ്ങാട് ഭാരതറാണി ഇടവകാംഗങ്ങൾ ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരുമായി കത്തിടപാടുകൾ നടത്തുകയും മോചിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് യെമനിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മോചനം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടർന്നും നടത്തുന്നതാണ്.

(2) <u>ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ സംരക്ഷണം</u>

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന് കീഴിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് പ്രവർത്തിച്ചുവരുന്ന മിനി നവരത്ന കമ്പനികളിലൊന്നായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടികളിൽ നിന്നും പിൻമാറണമെന്ന് സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന നയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. രാജ്യരക്ഷയുമായി ബന്ധപ്പെട്ട യന്ത്രസാമഗ്രികൾ നിർമ്മിക്കുന്ന ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. ഇക്കാര്യത്തിൽ നിയമസഭ ഐകകണ്ഠ്യേന ഒരു നിലപാട് സ്വീകരിക്കണമെന്ന അംഗത്തിന്റെ ആവശ്യം അംഗീകരിക്കണം. കേരളത്തെ ബാധിക്കുന്ന ഗൗരവമായ ഒരു വിഷയമായതിനാൽ ഇക്കാര്യത്തിൽ പൊതു അഭിപ്രായം ഉണ്ടാകേണ്ടതാണ്. വിറ്റഴിക്കൽ നടപടികൾക്കെതിരെ അതിശക്തമായ നിലപാടുമായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതാണ്.

### (3) കർഷക പെൻഷൻ വിതരണം

ശ്രീ. പി. സി. ജോർജ് : കുടിശ്ശികയുള്ള കർഷക പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : പത്തുവർഷമെങ്കിലും കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 60 വയസ്സ് തികഞ്ഞ നെൽക്കർഷകർക്ക് പെൻഷൻ നൽകുന്നതിനായി ആരംഭിച്ച 'കിസാൻ അഭിമാൻ' പദ്ധതി കഴിഞ്ഞ സർക്കാർ പുനരവലോകനം ചെയ്യുകയും രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള 60 വയസ്സുതികഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും പ്രതിമാസം 1000 രൂപയാക്കി ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1.6.2016 മുതൽ കർഷക പെൻഷനും 1000 രൂപയായി വർദ്ധിപ്പിച്ചു. വർദ്ധിപ്പിച്ച നിരക്കിൽ 2016 ജൂൺ മാസത്തെ കർഷക പെൻഷൻ നൽകിയിട്ടുണ്ട്. കൂടാതെ മുൻസർക്കാരിന്റെ കാലത്ത് നൽകാനുള്ള കുടിശ്ശികയായ 151.41 കോടി രൂപയും നൽകിയിട്ടുണ്ട്. കർഷക പെൻഷന് അർഹരായവരുടെ ലിസ്റ്റിൽ അപാകതകളുള്ളതായും അനർഹരായവർ പെൻഷൻ വാങ്ങുന്നതായും ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിശദമായ പരിശോധന നടത്തുകയും മാനദണ്ഡം പുനർനിർണ്ണയിച്ച് അനർഹരെ ഒഴിവാക്കി പുതിയ ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ പെൻഷൻ നൽകുന്നതിന്

സാധിച്ചിരുന്നില്ല. പുതുക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 2017 മാർച്ച് മാസത്തിൽത്തന്നെ കുടിശ്ശികയടക്കം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) <u>അട്ടപ്പാടിയിലെ ശിശുമരണം</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: കടുത്ത വിളർച്ചമൂലം നാലുമാസം പ്രായമായ കുട്ടി മരണമടഞ്ഞതടക്കം അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനും ഉദ്യോഗസ്ഥതലത്തിലെ വീഴ്ചകളൊഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: വൈദ്യസഹായം ലഭിക്കാത്തതുകൊണ്ടോ പോഷകാഹാര കുറവുകൊണ്ടോ അല്ല അട്ടപ്പാടി ആദിവാസി ഊരിൽ നാല് മാസം പ്രായമായ കുട്ടി മരണപ്പെടാനിടയായത്. കഴിഞ്ഞ വർഷം അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പ് വളരെ ഫലപ്രദമായ ഇടപെടലുകളാണ് നടത്തിയത്. ആദിവാസി കുട്ടികളെ സമഗ്ര പരിശോധനയ്ക്കും രക്തപരിശോധനയ്ക്കും വിധേയമാക്കുകയും ഹീമോഗ്ലോബിന്റെ അളവ് തീരെ കുറഞ്ഞ കുട്ടികൾക്ക് രക്തം നൽകുന്നതിനും പ്രത്യേകമായി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സംവിധാനമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന കുട്ടികളെ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള

നടപടികൾ ആരംഭിച്ചിട്ടുണ്ട്. നവജാതശിശുക്കൾക്ക് പ്രത്യേക പരിചരണം നൽകുന്നതിനും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ സജീവമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചണുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ട്രൈബൽ വകുപ്പിൽ നിന്നും പ്രത്യേക തുക അനുവദിക്കുന്നതിനും പോഷകാഹാര വിതരണ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികൾ വളരെ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞതുകൊണ്ട് അട്ടപ്പാടിയിലെ ശിശുമരണനിരക്ക് സംസ്ഥാന ശരാശരിയെക്കാൾ കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(5) <u>ഭൂമി തിരികെ നൽകൽ</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: ഏറ്റെടുത്ത ഭൂമി തിരികെ ലഭിക്കണമെന്നാവശ്യപ്പെട്ട് വയനാട് കളക്ടേറ്റിനു മുമ്പിൽ സത്യഗ്രഹമിരിക്കുന്ന കാഞ്ഞിരത്തിനാൽ കുടുംബത്തിന് നീതി ലഭ്യമാക്കുന്നതിനും വിജിലൻസ് അന്വേഷണത്തിലും കളക്ടർതല അന്വേഷണത്തിലും അർഹതപ്പെട്ടതാണെന്ന് കണ്ടെത്തിയ ഭൂമി തിരിച്ചുകൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ)</u>: വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിലെ ഭൂമി നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്തതിൽ ഉൾപ്പെട്ടതാണെന്ന് അറിയിച്ചതിനെ

തുടർന്ന് കാഞ്ഞിരത്തിനാൽ കുടുംബം ഫോറസ്റ്റ് ട്രൈബ്യൂണലിന് പരാതി നൽകുകയും അത് വനഭൂമിയിൽപ്പെട്ടതല്ലെന്ന് ട്രൈബ്യൂണൽ ഉത്തരവായിട്ടുള്ളതുമാണ്. ഇതിനെതിരെ വനം വകുപ്പ് ഹൈക്കോടതിയിൽ അപ്പീൽ നൽകിയെങ്കിലും പരാതിക്കാർക്ക് ഭൂമി പതിച്ചുനൽകണമെന്ന് ഉത്തരവാകുകയും രണ്ടുവർഷം കക്ഷികൾ നികുതി ഒടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷനെ തുടർന്ന് ഭൂനികുതി സ്വീകരിക്കുന്നത് കോടതി സ്റ്റേ ചെയ്യുകയും സംഘടനയുടെ വാദം അംഗീകരിച്ച് സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും വനഭൂമി ഏതാണെന്ന് കണ്ടെത്താൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ വനം- വന്യജീവി വകുപ്പാണ് സ്വീകരിക്കുന്നത്. ഏതെങ്കിലും കാര്യങ്ങൾ യഥാസമയം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ എന്നുള്ളതും പരാതിക്കാർക്ക് അനുകൂലമായ സാഹചര്യത്തിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.

(6) ബോട്ട് ജെട്ടിയുടെ ആഴം കൂട്ടൽ

ശ്രീ. തോമസ് ചാണ്ടി: ആലപ്പുഴ ബോട്ട് ജെട്ടിയുടെ ആഴം കൂട്ടി ബോട്ട് സഞ്ചാരം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ആലപ്പുഴ വടൈക്കനാലിൽ

മുരുകൻ ജെട്ടി മുതൽ പടിഞ്ഞാറോട്ട് 875 മീറ്റർ നീളത്തിൽ ആഴം കൂട്ടി ബോട്ട് സഞ്ചാരം സുഗമമാക്കുന്നതിനായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകുകയും പ്രവൃത്തി നടപ്പിലാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(7) ആലത്തൂർ മോഡേൺ റൈസ് മിൽ തുറന്നുപ്രവർത്തിപ്പിക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: പാലക്കാട് ജില്ലയിലെ ആലത്തൂർ മോഡേൺ റൈസ് മില്ലിൽ ആധുനിക രീതിയിലുള്ള സോർട്ടെക്സ് മെഷീൻ സ്ഥാപിച്ച് തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ആലത്തൂർ റൈസ് മിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള സോർട്ടെക്സ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാലിന്യ സംസ്കരണ പ്ലാന്റിന്റെ ലൈസൻസ് പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റൈസ് മില്ലിന്റെ നടത്തിപ്പ് ചുമതല സംബന്ധിച്ച് മീറ്റിംഗ് നടത്തി തീരുമാനമെടുക്കുന്നതും മാർച്ച് മാസം അവസാനത്തോടുകൂടി പൂർണ്ണരൂപത്തിൽ പ്രവർത്തനസജ്ജമാക്കുന്നതുമാണ്.

(8) ശബരി റെയിൽ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. രാജു എബ്രഹാം: അങ്കമാലി-എരുമേലി-ശബരി റെയിൽ പാതയുടെ ഒന്നാംഘട്ട നിർമ്മാണവും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടിയും ആരംഭിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : അങ്കമാലി-ശബരി റെയിൽപാതയുടെ ഒന്നാംഘട്ട നിർമ്മാണപ്രവർത്തന-ങ്ങൾക്കായി അങ്കമാലി മുതൽ കാലടി വരെയുള്ള സ്ഥലമെടുപ്പ് നടപടി പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ആവശ്യം പരിഗണിച്ച് പൂർണ്ണമായും കേന്ദ്ര സർക്കാർ മുതൽമുടക്കുന്ന ഒരു പദ്ധതിയായി പ്രഖ്യാപിക്കുകയും റെയിൽവേയുടെ പിൻബുക്കിൽ ഉൾപ്പെടുത്തി 213.59 കോടി രൂപ കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽപ്പാത സാക്ഷാത്ക്കരിക്കുന്നതിന് അനുവദിച്ച ഫണ്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(9) കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. വി. എസ് . ശിവകുമാർ: കരമന-കളിയിക്കാവിള ദേശീയപാതയുടെ

രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയുള്ള വികസന പ്രവർത്തനങ്ങൾക്ക് 176 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള സ്ഥലമേറ്റെടുക്കുന്നതിന് അനുവദിച്ച തുക റവന്യൂ വകുപ്പിന് കൈമാറുകയും ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഒന്നര കിലോമീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി.മീറ്ററിൽ മൂന്നേകാൽ കിലോ മീറ്റർ ഭാഗത്തെ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം പുതിയ എൽ.എ. ആക്ടുപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്.

(10) ബിനാനി സിങ്ക് ലിമിറ്റഡ് അടച്ചുപൂട്ടൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: വൻകിട വ്യവസായ സ്ഥാപനമായ ബിനാനി സിങ്ക് ലിമിറ്റഡ് തുറന്നുപ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 1967-ൽ പ്രവർത്തനമാരംഭിച്ച ബിനാനി സിങ്ക് ലിമിറ്റഡിൽ വൈദ്യുതി താരിഫ് വർദ്ധനമൂലം ഉല്പാദനച്ചെലവ് കൂടിയതും സിങ്ക് മെറ്റലിന്റെ വില കുറഞ്ഞതും വരുമാനത്തെ സാരമായി ബാധിച്ചതിനാൽ 2014 മുതൽ പ്രവർത്തനം നിർത്തിവയ്ക്കുകയുണ്ടായി. കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ബി.ഐ.എഫ്.ആർ.-ൽ ആപ്ലിക്കേഷൻ സമർപ്പിച്ചെങ്കിലും ഉത്തരവ് വരുന്നതിനുമുമ്പ് ബി.ഐ.എഫ്.ആർ. പിരിച്ചുവിടുകയുണ്ടായി. നിലവിൽ കമ്പനിയിലെ സിങ്ക് നിർമ്മാണ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ മറ്റ് പുനരുദ്ധാരണ പദ്ധതികൾക്കായി ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി നടത്തിവരികയാണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാനുള്ള സാധ്യതകൾ സർക്കാർ ആരായുന്നതാണ്.

(11) ട്രാവൻകൂർ സിമെന്റ്സ് നേരിടുന്ന പ്രതിസന്ധി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ട്രാവൻകൂർ സിമെന്റ്സ് നേരിടുന്ന പ്രതിസന്ധി പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഈ

സ്ഥാപനത്തെ പൊതുമേഖലാ സ്ഥാപനമായി നിലനിർത്തുന്നതിനുള്ള പാക്കേജ് തയ്യാറാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണം

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കക്ക ഖനനം ചെയ്യുന്നതിന് 2014 മുതൽ ഹൈക്കോടതി നിരോധനം ഏർപ്പെടുത്തിയതിനെത്തുടർന്ന് വൈറ്റ് ക്ലിംഗറും ജിപ്സവും ചേർത്താണ് ട്രാവൻകൂർ സിമെന്റ്സിൽ വൈറ്റ് സിമെന്റ് ഉല്പാദിപ്പിച്ചിരുന്നത്. വൈറ്റ് ക്ലിംഗർ വാങ്ങാൻ ഫണ്ടില്ലാത്തതിനാൽ നിലവിൽ സിമെന്റ് ഉല്പാദനം നിർത്തിവച്ചിരിക്കുകയാണ്. വർക്കിംഗ് ക്യാപിറ്റൽ അസിസ്റ്റന്റ്സ് ഇനത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന കമ്പനിയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ കമ്പനിക്ക് 86 കോടിയിലധികം രൂപയുടെ ബാധ്യതയുണ്ട്. ഈ ഗവൺമെന്റ് 1.46 കോടി രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണത്തിനുള്ള 3.50 കോടി രൂപയുടെ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്. കമ്പനിയെ സംരക്ഷിക്കാനായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ റിയാബിനോട് അവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി തയ്യാറാകുന്ന മുറയ്ക്ക് കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്. കൂടാതെ, ജീവനക്കാരുടെ

ശമ്പളം വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസ്

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ് മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VII ചട്ടം 303 അനുസരിച്ചുള്ള ക്രമപ്രശ്നം

മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: കമ്പനീസ് ആക്ട് പ്രകാരമോ സഭ പാസ്സാക്കിയ പ്രത്യേക നിയമപ്രകാരം രൂപീകരിച്ചതോ ആയ പൊതുമേഖലാ സ്ഥാപനങ്ങളുടേയോ മറ്റ് സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളുടേയോ ഭരണ റിപ്പോർട്ടുകൾ, വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടത്. 28-02-2017-ന് മേശപ്പുറത്തുവച്ച ചില വാർഷിക ഭരണ റിപ്പോർട്ടുകൾ നിയമാനുസൃതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണോയെന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: പാർലമെന്റും സംസ്ഥാന നിയമസഭയും പാസ്സാക്കിയ നിയമങ്ങൾ, കീഴ്വഴക്കങ്ങൾ, മറ്റ് സ്റ്റാറ്റ്യൂട്ടുകൾ കൗൾ ആന്റ് ശക്ധർ എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളതുപ്രകാരവും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ശിപാർശകളുടെ അടിസ്ഥാനത്തിലുമാണ് രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സമഗ്രമായി പരിശോധിച്ച് സഭാചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടോയെന്ന കാര്യം ചെയറിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## VIII നിയമനിർമ്മാണകാര്യം

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(1) <u>2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം)</u>

ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2007 ഏപ്രിൽ 1 മുതൽ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവ ചേർത്താണ് ഒറ്റത്തവണ നികുതി ഈടാക്കിയിരുന്നത്. എന്നാൽ വാഹനവില കണക്കാക്കി മാത്രമേ നികുതി പിരിക്കാവൂ എന്ന ഹൈക്കോടതി വിധി മറികടക്കുന്നതിനായി കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ 2(സി)- 'ക്രയമൂല്യം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ്-

എക്സൈസ് ഡ്യൂട്ടി എന്നിവ ഉൾപ്പെടുത്തി 2007 ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്തെങ്കിലും പ്രസ്തുത തീയതി മുതൽ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ചതുവരെ മേൽ പ്രസ്താവിച്ച രീതിയിൽ വാഹന നികുതി പിരിച്ചെടുത്ത നടപടി സാധൂകരിക്കപ്പെട്ടിട്ടില്ല. നിയമത്തിൽ അതിനനുസരിച്ചുള്ള അമെന്റ്മെന്റ് വരുത്തുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. എം. സ്വരാജ്</u>: 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഹൈക്കോടതിയുടെ വിധിന്യായംമൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിനായി കേരള മോട്ടോർ വാഹന നികുതി ചുമത്തൽ നിയമത്തിലെ 2(സി) ഖണ്ഡത്തിലെ 'ക്രയമൂല്യം' എന്ന നിർവ്വചനത്തിൽ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് 2007 ഏപ്രിൽ 1 മുതൽ ഭേദഗതി ചെയ്തെങ്കിലും പ്രസ്തുത തീയതി മുതൽ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ചതുവരെ മേൽ പ്രസ്താവിച്ച രീതിയിൽ വാഹനനികുതി പിരിച്ചെടുത്ത നടപടി സാധൂകരിക്കുന്നതിനായാണ് ഈ നിയമനിർമ്മാണം

നടത്തുന്നത്. പിരിച്ചെടുക്കേണ്ട നികുതികൾക്ക് ഇളവുകൾ നൽകിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. മോട്ടോർ വാഹന നികുതി ഈടാക്കാനുള്ള സംസ്ഥാന ഗവൺമെന്റുകളുടെ അധികാരം പുതിയ കേന്ദ്ര നിയമം നിലവിൽ വന്നാൽ നഷ്ടമാകുന്ന സാഹചര്യമുണ്ടാകും. പിരിച്ചെടുത്ത നികുതി തിരികെ നൽകണമെന്ന ഹൈക്കോടതി വിധി നടപ്പിലായാൽ റോഡ് സുരക്ഷയ്ക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്ന തുകയിൽ കുറവ് വരികയും അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യും. സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട രേഖകൾ ഒറ്റ ദിവസം കൊണ്ട് ലഭ്യമാകുന്ന സമ്പ്രദായമേർപ്പെടുത്തിയതും ഇടനിലക്കാരെ ഒഴിവാക്കിയതും അഭിനന്ദനാർഹമാണ്. പിരിച്ചെടുത്ത നികുതി തിരികെ നൽകുന്നത് ഒഴിവാക്കാനായി ഇത്തരമൊരു നിയമനിർമ്മാണം നടത്തുന്നതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: 2016- ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2007-14 കാലഘട്ടത്തിൽ നിയമത്തിന്റെ പിൻബലമില്ലാതെ പിരിച്ചെടുത്ത നികുതി തിരികെ നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ നികുതി പിരിച്ചെടുത്തതിന് സാധൂകരണം നൽകുകയെന്നതാണ്

ഈ ബില്ലിന്റെ ഉദ്ദേശം. കോടതിയുടെ അധികാരങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന തരത്തിൽ ഒരു നിയമം നിർമ്മിച്ചാൽ അതിന് നിലനിൽപ്പുണ്ടാകുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. കോടതിയുടെ അധികാരങ്ങൾ ഏകപക്ഷീയമായി റദ്ദ് ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതാണ്. മോട്ടോർ വാഹന വകുപ്പിലെ അഴിമതിയില്ലാതാക്കാൻ ശക്തമായ നടപടി സ്വീകരിക്കണം. ഫാൻസി നമ്പറുകളുടെ കാര്യത്തിൽ ഉദ്യോഗസ്ഥരും ലേലത്തിൽ പങ്കെടുക്കുന്നവരും തമ്മിൽ ഒത്തുകളിച്ച് സർക്കാരിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കുന്നത് തടയുന്നതിന് ഫലപ്രദമായ സംവിധാനം കൊണ്ടുവരണം. കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം. കളക്ഷൻ മാനദണ്ഡം നിശ്ചയിച്ച് ഷെഡ്യൂളുകൾ റദ്ദ് ചെയ്യുമ്പോൾ വാഹന സൗകര്യം തീരെയില്ലാത്ത ഗ്രാമീണ മേഖലകൾക്കും ഉൾപ്രദേശങ്ങൾക്കും പ്രത്യേക പരിഗണന നൽകണം. സ്വകാര്യ ബസ് മാഫിയ കെ.എസ്.ആർ.ടി.സി.-യുടെ പല തീരുമാനങ്ങളിലും ഇടപെടുന്നത് ഗൗരവമായി കാണണം. ലാഭം കിട്ടുന്ന മേഖലകളിൽ സ്വകാര്യ ബസുകൾ ഓപ്പറേറ്റ് ചെയ്യുകയും അവിടെ കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ പല കാരണങ്ങൾകൊണ്ട് മുടക്കം വരുത്തുകയും ചെയ്യുന്നത് കണ്ടില്ലെന്നു നടിക്കരുത്. കേരളത്തിന്റെ തൊട്ടടുത്തുള്ള മെട്രോ നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാനും ഷെഡ്യൂളുകൾ മുടക്കം കൂടാതെ

പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താനും സ്വകാര്യ ബസ്സുകളുടെ പരസ്യമായ ചൂഷണത്തിന് അറുതി വരുത്താനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-ലാഭകരമാക്കുന്നതിന് പ്രത്യേക ഇടപെടൽ നടത്തണം. എല്ലാ താലൂക്കുകളിലും ട്രാൻസ്പോർട്ട് ഓഫീസുകളും ഓട്ടോറിക്ഷ മീറ്ററുകളുടെ കൃത്യത പരിശോധിക്കാനുള്ള സൗകര്യവും ലഭ്യമാക്കണം.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## (2) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ

കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ

കമ്മീഷൻ ബില്ലിലെ ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ പരാമർശിച്ച കാര്യത്തിന് ഉപോത്ബലകമായിട്ടുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. 1992-ലെ മൈനോറിറ്റി ആക്ട് 19 അനുസരിച്ച് ചേർക്കപ്പെട്ടിട്ടുള്ളത് " Provided that five members including the chairperson shall be from amongst the minority communities." എന്നാണ്. അതിന് ഉപോത്ബലകമായി "മറ്റൊരു" എന്നതിനുപകരം "ഒരു" എന്ന വാക്ക് സബ്സ്റ്റിറ്റ്യൂട്ട് ചെയ്തുകൊണ്ടുള്ള ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നത്.

Shri T. V. Ibrahim: " I move that "This House resolves to disapprove The Kerala State Commission for Minorities (Amendment) Ordinance, 2017 (Ordinance No.1 of 2017)."

യാതൊരു ഗൗരവവുമില്ലാതെയാണ് ഈ ഓർഡിനൻസും നിയമഭേദഗതിയും കൊണ്ടുവന്നിട്ടുള്ളത്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന പ്രൊട്ടക്ഷനും പ്രൊവിഷനും നൽകിയിട്ടുണ്ട്. പരിരക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം ന്യൂനപക്ഷങ്ങളുടെ സമുദ്ധാരണം ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യത്തിൽ 1978 ഫെബ്രുവരി 28-നാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നത്. കേന്ദ്ര

സർക്കാർ 1992-ലാണ് ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ് സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം സംബന്ധിച്ച ബിൽ അവതരിപ്പിച്ചത്. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ (2014-ലെ 5) 3-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, (ബി) ഖണ്ഡത്തിൽ "മറ്റൊരു" എന്ന വാക്കിനുപകരം "ഒരു" എന്ന വാക്ക് ചേർക്കേണ്ടതാണ് എന്ന ഭേദഗതിയാണ് ഇപ്പോൾ വരുത്താൻ ഉദ്ദേശിക്കുന്നത്. അത്യാവശ്യമായി നിയമനിർമ്മാണം നടത്തേണ്ട മേഖലകൾക്ക് പ്രാധാന്യം കൊടുക്കണം. ഏതോ ഒരു വ്യക്തിയെ ന്യൂനപക്ഷ കമ്മീഷനിൽ അംഗമാക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ചെയർമാന്റെ അതേ സമുദായത്തിൽ നിന്നുതന്നെ മറ്റൊരു അംഗം വരേണ്ടതില്ല, മറിച്ച് മറ്റൊരു സമുദായാംഗം വരട്ടെയെന്നുള്ളതായിരുന്നു അന്നത്തെ ബില്ലിന്റെ ഉദ്ദേശ്യം. അത്യപൂർവ്വമായ സന്ദർഭങ്ങളിൽ, സഭ കൂടാൻ പറ്റാത്ത സാഹചര്യത്തിൽ ഓർഡിനൻസ് ഇറക്കുക എന്ന എക്സിക്യൂട്ടീവിന്റെ അധികാരമാണ് ഇവിടെ ദുരുപയോഗം ചെയ്തിരിക്കുന്നത്. ന്യൂനപക്ഷ കമ്മിഷന്റെ ചെയർമാനായി ഒരാളെ തീരുമാനിച്ച ശേഷം അതേ സമുദായത്തിൽനിന്ന് അടുത്തയാളും വരണമെന്ന താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി

കൊണ്ടുവന്നിരിക്കുന്നത്. നിയമം അട്ടിമറിക്കുന്ന വിധത്തിലുള്ള നിലപാട് പൊതുതാത്പര്യത്തിന് എതിരാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിയമത്തിന്റെ സദുദ്ദേശ്യത്തെ അട്ടിമറിക്കുന്ന തരത്തിൽ വ്യക്തിപരമായ താത്പര്യം സംരക്ഷിക്കാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയാണിത്. ഈ നിയമത്തിലെ 3 (2) ബി ഖണ്ഡത്തിൽ "മറ്റൊരു " എന്ന വാക്കിന് പകരം 'ഒരു ' എന്ന വാക്ക് ചേർക്കുന്നതിനുള്ള ഭേദഗതിയാണെങ്കിലും ഇത് ഗൂഢലക്ഷ്യത്തോടെയാണോയെന്ന് സംശയിക്കുന്നു. ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിലാണ് ഓർഡിനൻസ് ഇറക്കേണ്ടത്. എന്നാൽ അത്തരമൊരു സാഹചര്യം നിലവിലില്ലാത്ത സമയത്ത് ഇറക്കിയ ഈ ഓർഡിനൻസിന്റെ നിയമസാധുത ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ സാധിക്കുന്നില്ല. അതിനാൽ നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് മാത്രമേ ഇതിന്റെ അനന്തരഘട്ടങ്ങളിലേയ്ക്ക് കടക്കാവൂ. ന്യൂനപക്ഷങ്ങൾക്കുവേണ്ടി പുതിയതൊന്നും ചെയ്യാതെ ബില്ലിൽ പുതിയ കാര്യങ്ങളൊന്നുമുൾപ്പെടുത്താതെ വ്യക്തിപരമായ ആവശ്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മാത്രമായി ഇത്തരത്തിൽ നിയമഭേദഗതി കൊണ്ടുവരുന്നത് ശരിയല്ല.

ശ്രീ. കെ. മുരളീധരന് വേണ്ടി ശ്രീ. അനൂപ് ജേക്കബ് : 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2017-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതിലൂടെ സമൂഹത്തിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് വ്യക്തമാക്കാൻ ഗവൺമെന്റ് തയ്യാറാകണം. രാജ്യത്തെ ന്യൂനപക്ഷവിഭാഗക്കാർ വൻതോതിൽ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നുവെന്ന് തെറ്റായ പ്രചരണം നടത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നവരെ തിരിച്ചറിയണം. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബില്ലിൽ ഇത്തരമൊരു

ഭേദഗതി വരുത്തുന്നതിലൂടെ അതിന്റെ സോഷ്യൽ ഘടനയ്ക്ക് യാതൊരു മാറ്റവും സംഭവിക്കുന്നില്ല. കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ നിയമത്തിന് സമാനമാക്കാനാണ് ഇത്തരമൊരു ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ജാതി-മത-ഭാഷയ്ക്കതീതമായി പ്രയാസമനുഭവിക്കുന്ന മുഴുവൻ ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വഖഫ് ബോർഡുവഴി സോഷ്യൽ വെൽഫെയർ സ്കീം നടപ്പിലാക്കുന്നതിനും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് അനുവദിക്കുന്നതിനും ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 1992-ലാണ് ദേശീയ ന്യൂനപക്ഷ കമ്മീഷനുമായി ബന്ധപ്പെട്ട നിയമം പാസ്സാക്കിയത്. സച്ചാർ കമ്മിറ്റി ശിപാർശയനുസരിച്ച് കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പാലോളി മുഹമ്മദ്കുട്ടി ചെയർമാനായ കമ്മിറ്റിയെ അന്നത്തെ സർക്കാർ നിയോഗിച്ചു. ആ റിപ്പോർട്ടിന്റെ ശിപാർശ അനുസരിച്ചാണ് സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്കോളർഷിപ്പിന് തുടക്കം കുറിച്ചത്. കേന്ദ്ര

സർക്കാരിന്റെ ഒരു പദ്ധതി മാത്രമാണ് ഇപ്പോൾ മൈനോറിറ്റി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നത്. അതിൽ വയനാട് ജില്ലയെയും പൊന്നാനി നഗരസഭയെയും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ, സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്, സി.എ., ഐ.സി.ഡബ്ല്യൂ.എ.ഐ., സി.എസ്. എന്നീ കോഴ്സുകൾ പഠിക്കുന്ന 1333 പേർക്ക് 15000 രൂപ വീതം നൽകുന്ന സ്കോളർഷിപ്പ്, ഇമ്പിച്ചിബാവ ഭവനനിർമ്മാണ പദ്ധതി എന്നിവയാണ് മൈനോറിറ്റി വകുപ്പിൻ കീഴിൽ ഇപ്പോഴുള്ളത്. പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി ശിപാർശയനുസരിച്ചാണ് മലപ്പുറത്ത് 3 പുതിയ ഐ.ടി.ഐ.കൾ നിലവിൽ വന്നത്. നാഷണൽ കമ്മീഷൻ ആക്ടിന്റെ മൂലനിയമത്തോട് താദാത്മ്യപ്പെടുത്തുക എന്നതാണ് ഈ ബില്ലിന്റെ ആധാരം. ഏതെങ്കിലും ഒരു വിഭാഗത്തെ ഒഴിവാക്കാൻ വേണ്ടിയല്ല ഈ ഭേദഗതി കൊണ്ടുവരുന്നത്. കേന്ദ്ര നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് കൊണ്ടുവന്ന ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.20-ന് പിരിഞ്ഞു.

* * * * * * * * *